# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2914** **13/03/2020 ൽ മറുപടിക്ക്**

## കശുമാവ് കൃഷി വികസന ഏജൻസിയുടെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി വികസന ഏജൻസി നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ കശുമാവ് കൃഷിയും തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കശുമാവ് കൃഷി വികസന ഏജൻസി പ്രവർത്തിക്കുന്നത്. കശുമാവ് കൃഷിയിൽ തത്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികൾ (കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, ഹൈഡെൻസിറ്റി പ്ലാന്റിംഗ്, മാതൃക കശുമാവിൻ തോട്ടം) ഏജൻസിമുഖാന്തിരം നടപ്പിലാക്കിവരുന്നു.<br><br>1.<u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം പരിപാലനത്തിനായി തൈ ഒന്നിന് 60 രൂപ, നിബന്ധനകൾക്കു വിധേയമായി ധന സഹായവും നൽകുന്നു.<br><br>2.<u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു. |

3.മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

4.ഹൈഡെൻസിറ്റി പ്ലാന്റിംഗ്- സംസ്ഥാനത്ത് കെ.എസ്.എ.സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. കശുമാവ് കൃഷിക്ക് സംസ്ഥാനം നേരിടുന്ന സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ / അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ, കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

ഇതിനുപുറമെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി കശുമാവ് കൃഷി ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) | കെ.എസ്.എ.സി.സി. നടപ്പാക്കി വരുന്ന പദ്ധതികൾ പ്രകാരം ഇതിനകം 7928955 തൈകൾ 39418 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | രണ്ട് ഹെക്ടറിൽ കൂടുതൽ കശുമാവ് കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് എന്ത് ധനസഹായമാണ് നൽകുന്നത് എന്നറിയിക്കാമോ; | (സി) | 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു. |
| (ഡി) | സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സർക്കാർ / അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ളതു സ്ഥലങ്ങളിൽ, ഉടമസ്ഥതയിൽ മാറ്റം വരുത്താതെ, കശുമാവിന്റെ വിവിധ ഇനം തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ആരംഭിക്കുന്ന പദ്ധതിയ്ക്ക് കെ.എസ്.സി.ഡി.സി ഫാക്ടറി വളപ്പിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും തുടക്കമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ